LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ വനസമ്പത്തിനും വന്യജീവികൾക്കും പരിസ്ഥിതിക്കും മുല്ലപ്പെരിയാർ മേഖലയിലെ ആദിവാസി സമൂഹത്തിനും ഉണ്ടാകുന്ന കോട്ടങ്ങൾ ചൂണ്ടിക്കാട്ടി ഗ്രീൻ ട്രൈബ്യൂണലിനെ പ്രത്യേകം സമീപിക്കുന്ന കാര്യവും സർക്കാർ പരിശോധിക്കുന്നുണ്ട്. അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് വിദഗ്ധസംഘത്തെ നിയോഗിക്കുന്ന കാര്യം ബഹുമാനപ്പെട്ട പ്രധാന മന്ത്രിയുമായി കൂടിയാലോചിച്ച് ഉടൻ നടപടികൾ കഴിവതും വേഗം സ്വീകരിക്കാനും ഉദ്ദേശിക്കുന്നു. ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും അടങ്ങുന്ന സംഘം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായി ഇക്കാര്യം കഴിവതും വേഗം ചർച്ച ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കാൻ ധാരണയായിട്ടുണ്ട്. 26-11-2014-ലെ സർവ്വകക്ഷി യോഗത്തിലെ ധാരണയുടെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ വിഷയത്തിലുള്ള സർക്കാരിന്റെ നിലപാട് ഫലപ്രാപ്തിയിലെത്തിക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും സമയബന്ധിതമായി സ്വീകരിക്കാനാണുദ്ദേശിച്ചിട്ടുള്ളത്.

മുല്ലപ്പെരിയാർ നിയമനടപടികൾ

183 (2738) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ കേസിൽ സുപ്രീം കോടതിയിൽ നിന്ന് കേരളത്തിന് ദോഷമായി ഉണ്ടായ വിധിയെ തുടർന്ന് എന്തെല്ലാം നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം കാരണങ്ങളെ അടിസ്ഥാനമാക്കിയാണ് പുനരവലോകന ഹർജി നൽകിയതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മുല്ലപ്പെരിയാർ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി 7-5-2014-ൽ പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ കേരളം 30-6-2014-ൽ റിവ്യൂ ഹർജി ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽനിന്ന് ഉയർത്തുമ്പോൾ കേരള ജനതയ്ക്ക് ഉണ്ടാകാവുന്ന

ആശങ്കകൾ പരിഹരിക്കുന്നതിന് തമിഴ്നാടിന് നൽകാൻ കഴിയുന്ന ചില ക്രിയാത്മക നിർദ്ദേശങ്ങൾ ചൂണ്ടക്കാട്ടി അവ പരിഗണിച്ച് തമിഴ്നാടിന് ഉചിതമായ നിർദ്ദേശങ്ങൾ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരളം ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ 15-11-2014-ലും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതി O.S. No. 3/2006 എന്ന അസ്സൽ അന്യായത്തിന്മേൽ 7-5-2014-ൽ പുറപ്പെടുവിച്ച വിധിന്യായം ദയാപൂർവ്വം പുന:പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് കേരളം 30-6-2014-ൽ പുനരവലോകന ഹർജി സമർപ്പിച്ചിരുന്നത്. പ്രസ്തുത പുനരവലോകന ഹർജിയിൽ താഴെപ്പറയുന്ന പ്രധാന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്:

1. 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിലെ സെക്ഷൻ 177 നടപ്പിലാക്കുന്നത് അതേ ആക്ടിലെ സെക്ഷൻ 5-ൽ വിഭാവനം ചെയ്തിരിക്കുന്ന പോലെ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ രൂപീകരണത്തിനുശേഷം മാത്രമേ സാധിക്കുകയുള്ളുവെന്നും എന്നാൽ അത് നടപ്പിലാക്കിയിട്ടില്ലായെന്നും ഇക്കാര്യം പരിശോധിക്കേണ്ടതാണെന്നും കേരളം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

2. 1886-ലെ പാട്ടക്കരാർ ഒരു പൊളിറ്റിക്കൽ എഗ്രിമെന്റിനെക്കാൾ ഉപരി ഒരു സാധാരണ കരാർ ആണെന്ന ഭരണഘടനാബഞ്ചിന്റെ കണ്ടെത്തലിനെ കേരളം ചോദ്യം ചെയ്തിട്ടുണ്ട്.

3. 1956-ലെ സ്റ്റേറ്റ് റീ ഓർഗനൈസേഷൻ ആക്ടിന്റെ സെക്ഷൻ 108 പ്രകാരം പാട്ടക്കരാർ കേരളത്തിന് ബാധകമാണെന്ന 2006-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിലെ കണ്ടെത്തലിനെ കേരളം ചോദ്യം ചെയ്തിരുന്നു. മേൽപ്പറഞ്ഞ കോടതി നിരീക്ഷണത്തെ തെറ്റായ ഒന്നാണെന്ന് കേരളം വാദിച്ചെങ്കിലും അത് പരിഗണിക്കാത്ത കാര്യവും കേരളം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

4. ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച എംപവേർഡ് കമ്മിറ്റിയുടെ കീഴിലുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി നടത്തിയ വിവിധ ലാബോറട്ടറി ടെസ്റ്റുകളുടെ സമയത്ത് കേരളത്തിന്റെ പ്രതിനിധിയുടെ സാന്നിദ്ധ്യം അനുവദിക്കാതിരുന്നതും അവർ നൽകിയ വിവിധ പഠന റിപ്പോർട്ടുകൾ കേരളത്തിന് നൽകാതിരുന്നതും അതിന്മേൽ കേരളത്തിന്റെ അഭിപ്രായം അറിയിക്കാൻ അനുവദിക്കാതിരുന്നതും സാമാന്യനീതി നിഷേധിക്കലാണ് എന്നും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly